മണ്ണാർക്കാട് ടൗണിലെ അഴുക്കുചാൽ വൃത്തിയാക്കുന്നതിന് നടപടി

114. [880] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് ടൗണിലെ അഴുക്കുചാൽ പൂർണ്ണമായി അഴുക്കുമൂലം മൂടിക്കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അഴുക്കുചാൽ വൃത്തിയാക്കുന്നതിന് പഞ്ചായത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ;

(സി) ഇതിന്റെ ശുചീകരണം എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മഴക്കാലം തുടങ്ങിയതിനാൽ മണ്ണാർക്കാട് ടൗണിലെ അഴുക്കുചാലുകളിൽ ചില സ്ഥലങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നുണ്ട്. ആയത് പഞ്ചായത്ത് അതിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ദിവസക്കൂലിക്ക് ആളെ വച്ച് വൃത്തിയാക്കിവരുന്നുണ്ട്.

(സി) കഴിയുന്നതും വേഗം പൂർത്തിയാക്കുന്നതാണ്.

ഗുരുവായൂരിലെ മാലിന്യ സംസ്കരണ പദ്ധതി

115. [881] ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂരിലെ മാലിന്യ സംസ്കരണത്തിന് ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി ഇനിയും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഗുരുവായൂർ നഗരസഭയിലെ ഖരമാലിന്യ സംസ്കരണത്തിന് ഒരു പദ്ധതി ആവിഷ്കരിച്ച് നഗരസഭയുടെ സഹകരണത്തോടെ നടപ്പിലാക്കാൻ ക്ലീൻ കേരള മിഷനെ ചുമതലപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ അർബൻ അഫയേഴ്സ് ഡയരക്ടർ, ക്ലീൻ കേരള മിഷൻ ഡയരക്ടർ, മുനിസിപ്പൽ ചെയർ പേഴ്സൺ, കൗൺസിലിലെ മറ്റ് അംഗങ്ങൾ എന്നിവരുൾപ്പെടുന്ന ഒരു സംഘം

LIBRARY ARCHIVES Kerala Legislative Assembly